**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1414** — 03-12-2018 -ൽ മറുപടിക്ക്

**ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിൽ എത്ര പേർ മരണപ്പെട്ടെന്നും എത്ര പേരെ കാണാതായി എന്നും വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിൽ 59 പേർ മരണപ്പെട്ടുകയും 92 പേരെ കാണാതാകുകയും ചെയ്തു. മരണപ്പെട്ട വരിൽ 51 പേർ മത്സ്യത്തൊഴിലാളികളാണ്. |
| (ബി | ഓഖിയുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും യഥാക്രമം എത്ര കോടി രൂപ വീതം സഹായധനമായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി & സി) | ഓഖിയുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ ഫണ്ടിൽ നിന്നും 111.7 കോടി രൂപ സഹായധനമായി ലഭിച്ചു. ഇതിൽ നിന്നും കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 92.085 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചതും വിതരണം ചെയ്തതുമായ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| സി) | ഈ തുകയിൽ നിന്ന് ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ ധനസഹായമായി അനുവദിച്ചു; | | |
| ഡി) | ദുരന്തത്തിൽ മരണപ്പെട്ടവരിൽ എത്ര അവിവാഹിതരുണ്ട്; ഇവർക്കുള്ള ധനസഹായം രക്ഷിതാക്കൾക്ക് ലഭിക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | ഡി) | ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരിൽ 10 അവിവാഹിതരുണ്ട്. 21/12/2017 ലെ സ.ഉ.(സാധാ) നം.114/2017/ഡി.എം.ഡി ഉത്തരവ് പ്രകാരം മരണമടഞ്ഞവർ/കാണാതായവർ എന്നിവർ അവിവാഹിതരാണെങ്കിൽ തുക അച്ഛനമ്മമാർക്കും അവിവാഹിതരായ |

| | | | |
|---|---|---|---|
| | | | സഹോദരിമാർക്കും പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾക്കും തുല്യമായി വീതിച്ച് നൽകേണ്ടതാണ്. അവകാശി മൈനർ ആണെങ്കിൽ പിതാവിന്റെയോ മാതാവിന്റെയോ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ